ശ്രീ. എ. ജെ. ജോൺ:

(എ) ഉണ്ട്.

(ബി) ഫൻ ൽ ഠ-ൽ പദ്ധതിയനുസരിച്ചുള്ള വിശദാംശങ്ങൾ പഠിച്ചുവരികയാണ്.

(സി) ഈ കേന്ദ്രത്തിനു് ആവശ്യമായ ഉദ്ദേശം അഞ്ചുലക്ഷം രൂപാ വില വരുന്ന ഉപകരണങ്ങൾ United Nations International Children Emergency Fund മുഖേന നൽകുന്നതാണു്. കൂടാതെ കേന്ദ്രത്തിലുള്ളവരെ പരിശീലിപ്പിക്കുന്നതിനു് വിദഗ്ദ്ധരായ വിദേശികളേയും ഇങ്ങോട്ടയയ്ക്കുന്നതായിരിക്കും.

ക്ഷയരോഗനിവാരണകേന്ദ്രം

*വ്യ൫൩. (വ്യ ൨) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇൻഡ്യാഗവൺമെണ്ടു് തിരുവനന്തപുരത്തു സ്ഥാപിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന ക്ഷയരോഗനിവാരണ കേന്ദ്രത്തിനു് തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റു് ഗവൺമെണ്ടിൽനിന്നും എന്തെങ്കിലും സംഖ്യ കൊടുക്കേണ്ടതായിട്ടുണ്ടോ;

(ബി) അതിനെപ്പറ്റിയുള്ള ആലോചനകളെല്ലാം കഴിഞ്ഞിരിക്കയാണോ?

ശ്രീ. എ. ജെ. ജോൺ:

(എ) കേന്ദ്രത്തിനാവശ്യമായ കെട്ടിടസൌകര്യം, ഇവിടെനിന്നും കേന്ദ്രത്തിന്റെ ആവശ്യത്തിനായി നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, അവർക്കു പരിശീലനം നൽകുന്നതിനായി വരുന്ന വിദേശികൾക്കു വേണ്ട താമസസൌകര്യം, അവർ ഇവിടെ താമസിക്കുന്ന കാലത്തേക്കുള്ള subsistence allowance മുതലായവ ഈ ഗവൺമെണ്ടു് നൽകേണ്ടതാണു്.

(ബി) ഇല്ല. തുടർന്നുകൊണ്ടിരിക്കയാണു്.

Questions Posted for Answer on 15th March 1950

കോടതി നിറുത്തൽ

*വ്യ ൫൭. (൫൧) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മനിസ്റ്റർ സദയം മറുപടി നൽകുമോ.—

ഏതെങ്കിലും കോടതി നിറുത്തലാക്കുവാൻ ആലോചനയുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ?

ശ്രീ. ടി. കെ. നാരായണപിള്ള:

ഇപ്പോൾ ആലോചിക്കുന്നില്ല.

എറണാകുളം ടൗൺ ഫ്ലാ-----

*വ്യ൫൮. (൫൨) സാഹിബ് ബഹദൂർ വി. ചേലാടി റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) എറണാകുളം ടൗൺ സ്റ്റേഷനിൽ ഫ ഫ ഫ ൩-ലോ, ഫ ഫ ഫ ൪-ലോ കള്ളന്മാർ വാതിൽപൊളിച്ചു അകത്തു കടന്നു പെട്ടിപെ ളിച്ചു കുറെ രത്നങ്ങൾ മോഷ്ടിച്ചു കൊണ്ടു പോയി എന്നു് ഒരു കേസ്സു് രജിസ്റ്റർ ചെയ്തുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കള്ളന്മാർ ആരായിരുന്നു.

(സി) അവർക്കു എന്തു ശിക്ഷ നൽകി?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) അപ്രകാരം ഒരു കേസു് രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി-യും, സി-യും) 'എ'-യുടെ ഉത്തരംകൊണ്ടു് ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

KUDIKIDAPPUKAR

*859. [57] **Sri. Eapen Arakal:** Will the Hon'ble the Chief Minister be pleased to state the number of "Kudikidappukars" who have got their names registered as per rules of the Prevention of Eviction Act in the Taluks of 1. Shertallai; and 2. Ambalapuzha?

LIBRARY ARCHIVES Kerala Legislative Assembly

Sri. A. J. John: 4,000 application have been received in the Shertallai taluk and 3,200 in the Ambalapuzha Taluk, for registration. Urgent action is being taken to get the names of the applicants registered.

മരു പോലീസു് ഉദ്യോഗസ്ഥനു് ഒരു സ്റ്റേഷനിൽ ഇരിക്കാവുന്ന പരമാവധി കാലം

*വ്യ ന്യ ൦. (ന്യ ക) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) മരു പോലീസു് ഉദ്യോഗസ്ഥനു് പരമാവധി ഒരു സ്റ്റേഷനിൽ ഇരിക്കാവുന്ന കാലം എത്ര;

(ബി) അതിനു് വിപരീതമായി ആരെങ്കിലും ഇടപ്പിള്ളി പോലീസു് സ്റ്റേഷനിൽ ഉണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനു് കാരണം?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) മൂന്നു വർഷം.

(ബി) ഇല്ല.

(സി) ബി–യുടെ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

STATE FORCES

*861. [64] **Sri. T. P. Sitaraman:** Will the Hon'ble Chief Minister be pleased to state.—

(a) what will be the position and status of the State Forces on 1st April 1950;

(b) will this Government have any control over them?

Sri. T. K. Narayana Pillai:

(a) The State Forces will be a part of the Indian Army.

(b) No. This Government will have the right to use them if and when occasion arises.

പഞ്ചായത്തു ആക്ടു്

*വ്യ ന്യ ൨. (ന്യ ൪) സാഹിബു് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പഞ്ചായത്തു് ആക്ടു് എപ്പോൾ നടപ്പിൽ വരും;

(ബി) റൂൾസു് തയ്യാറാക്കിക്കഴിഞ്ഞോ?

എക്സൈസും പൊതുജനാരോഗ്യമന്ത്രി ശ്രീ. എൻ. കണ്ടുരാമൻ:

(എ) താമസിയാതെ നടപ്പിൽ വരുന്നതാണു്.

(ബി) റൂൾസു് തയ്യാറാക്കി വരുകയാണു്.

മൻചായക്കകളിലുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാർ

*വ്യ ന്യ ൩. (൭ ൨) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസു് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) മൻചായക്കകളിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥന്മാർ എത്രപേർ ഇപ്പോൾ നിലവിൽ ഉണ്ടു്;

(ബി) അങ്ങിനെ ഉള്ളവർ ഉണ്ടെങ്കിൽ ഇപ്പോൾ അവർ എവിടെയാണു് ജോലി ചെയ്യുവരുന്നതു്;

(സി) ചായക്കകളിലെ എത്ര ഉദ്യോഗസ്ഥന്മാരെ മദ്യവർജ്ജനം നടപ്പാക്കിയ സ്ഥലങ്ങളിലേക്കു നിയമിച്ചിട്ടുണ്ടു്?

ശ്രീ. എൻ. കണ്ടുരാമൻ:

(എ മുതൽ സി വരെ)

കരുതുകം നിറുത്തലാക്കിയതുമൂലം കുറവു് ചെയ്യപ്പെട്ട ഉദ്യോഗസ്ഥന്മാർ തൽസമയം ചായക്കകളിലുള്ള ജോലിചെയ്തിരുന്നവരല്ല ചായക്കകൾക്കും ഡിപ്പാർട്ടുമെന്റിലെ മറ്റു ഓഫീ

LIBRARY ARCHIVES Kerala Legislative Assembly